
ലക്കം–5/മെയ്, 2013

# ഹവിസ്സ്

ആത്മ സാക്ഷാത്കാരത്തിന്റെ നേർവഴി



# മേയ് മാസ ചിന്തകൾ...

അവകാശ സമരങ്ങളുടെ കാഹളം കേട്ടാണ് മേയ് മാസം ഉണരുന്നത്. അടിച്ചമർത്തപ്പെട്ടവരുടെ ഉയിർത്തെഴുന്നേല്പിന്റെ ഈ കാഹളം ഒരു കാലഘട്ടത്തിന്റെ ചരിത്രത്തിന്റെ ഭാഗമാണ്. മനുഷ്യകുലത്തിന്റെ ഉയിർത്തെഴുന്നേല്പ് സ്വപ്നം കാണുകയും അതിനായി പ്രവർത്തിക്കുകയും ചെയ്യുന്ന ഹവിസ്സ് അതിന്റെ എല്ലാ വായനക്കാർക്കും മേയ് ദിനാശംസകൾ നേരുന്നു.

അവധിക്കാലം ഉല്ലസിക്കുന്ന കുട്ടികളുടെ ശബ്ദം ഉയർന്നു കേൾക്കുന്നു. മേയ് അവരുടെയും മാസമാണ്. പുറത്ത് പൊള്ളുന്ന വെയിൽ. ഇവിടെ രാജസ്ഥാനിലെ ആരാവലി പർവ്വതനിരകളുടെ താഴ്‌വരയിൽ ചൂടുകാററു വീശിത്തുടങ്ങിയിട്ടില്ല. അതും ഉടനെയുണ്ടാകും. വരുവാൻ പോകുന്ന മഴക്കാലത്തെ കാത്തിരിക്കുകയാണ് ഇവിടുത്തെ സാധാരണക്കാരായ കർഷകർ. ഇങ്ങനെ ഉണർവ്വിന്റെയും ഉന്മേഷത്തിന്റെയും വരൾച്ചയുടെയും പ്രതീക്ഷയുടെയും കാത്തിരിപ്പിന്റെയും മാസമാണ് മേയ്.

നമ്മുടെ സമൂഹത്തെ ഏററവും അധികം സ്വാധീനിക്കുന്ന ഒരു മാധ്യമമാണ് ചലച്ചിത്രം. ചലച്ചിത്ര പ്രവർത്തകർക്കിടയിലെ ലഹരി ഉപയോഗത്തെക്കുറിച്ച് കിട്ടിയ റിപ്പോർട്ടുകൾ ഞെട്ടിപ്പിക്കുന്നതാണ്. സ്ത്രീ–പുരുഷ ഭേദമന്യേ മദ്യത്തിനും പുകവലിയ്ക്കും അടിമയാണവർ എന്നത് പോകട്ടെ, ഇവ ഉപയോഗിക്കാത്തവരുടെ എണ്ണം ഒരു കൈ വിരലുകളിൽ എണ്ണുവാൻ പോലുമില്ല. 15 മിനിട്ട് നീണ്ട ഒരു ടെലിവിഷൻ അഭിമുഖ ത്തിനിടയിൽ 2 സിഗററ് പുകച്ചു തള്ളി, ഒരു സംവിധായകൻ. ഒരു നടന്റെ സിഗററ് വലി മൂലം, നീണ്ട ഒരു ഷോട്ട് എടുക്കുവാൻ ബുദ്ധിമുട്ടിയ മറെറാരു സംവിധായകൻ. വഴി തെററിയ ജീവിതശൈലി മൂലം അകാലത്തിൽ അരങ്ങൊഴിഞ്ഞ പ്രമുഖർ ധാരാളം. നമ്മുടെ വളർന്നു വരുന്ന തലമുറ മാതൃകയാക്കുന്നത് ഇവരെയാണല്ലോ എന്നോർക്കുമ്പോൾ, ചലച്ചിത്ര മാധ്യമം (സിൻ = പാപം, മാ = മാതാവ്) എല്ലാ പാപങ്ങളുടെയും ജനനി യാണെന്നാരോ പറഞ്ഞതോർക്കുന്നു. ലോക പുകയില വിരുദ്ധ ദിനവും ഈ മേയ് മാസത്തിൽ തന്നെ.

മേയ് മാസത്തിൽ നാം പുറമെ കാണുന്ന വരൾച്ച, സമൂഹത്തെ മൊത്തത്തിൽ വ്യാപിച്ചിരിക്കുന്ന വരൾച്ചയെ ക്കുറിച്ച് ഓർമ്മപ്പെടുത്തുന്നു. 5 വയസ്സുള്ള പിഞ്ചുകുഞ്ഞ് ബലാത്കാരത്തിനിരയാവുന്ന നമ്മുടെ നാട്ടിൽ, അവകാശങ്ങളെക്കുറിച്ചോ അതോ കടമകളെക്കുറിച്ചോ നാം കൂടുതൽ ബോധവാന്മാരാകേണ്ടത്? കടമകളും സ്വാതന്ത്ര്യവും എന്തെന്ന് നമ്മുടെ തലമുറ ഇനിയും തിരിച്ചറിയേണ്ടിയിരിക്കുന്നു. അവകാശങ്ങളെ ക്കുറിച്ച് അവരെ ബോധവത്കരിക്കുവാൻ ധാരാളം രാഷ്ട്രീയ പ്രസ്ഥാനങ്ങൾ ഇവിടെ ഉണ്ട്. എന്നാൽ, കടമകളും സ്വാതന്ത്ര്യവും പഠിപ്പിക്കുവാൻ ആരും തയ്യാറാകുന്നില്ല എന്നത് ഏറെ ദുഃഖകരമാണ്. ഇവിടെ യാണ് ആദ്ധ്യാത്മിക പ്രസ്ഥാനങ്ങൾക്ക് പ്രവർത്തിക്കുവാനുള്ളത്. ഭാരതത്തിന്റെ എക്കാലത്തെയും വലിയ സമ്പത്തും ആദ്ധ്യാത്മികതയാണ്. എല്ലാ പുരോഗതികൾക്കിടയിലും പാശ്ചാത്യർ ഭാരതത്തെ ഉററുനോക്കി യതും ആദ്ധ്യാത്മികമായ പരിഹാരങ്ങൾക്കായിട്ടായിരുന്നു. മൂല്യാധിഷ്ഠിത സമൂഹം കെട്ടിപ്പടുക്കലാണ്, ധർമ്മം കാത്തു രക്ഷിക്കലാണ് ആദ്ധ്യാത്മിക പ്രസ്ഥാനങ്ങളുടെ മുഖ്യമായ ധർമ്മം. പക്ഷേ, ഇന്ന് ഭാരതത്തിൽ പ്രവർത്തിക്കുന്ന പല ആദ്ധ്യാത്മിക സംഘടനകളും അതു മറന്ന്, യോഗ പഠിപ്പിക്കുവാനും, മരുന്നു വിൽക്കു വാനും, ആശുപത്രികളും സ്കൂളുകളും കോളേജുകളും മുതൽ മെഡിക്കൽ/എഞ്ചിനീയറിംഗ് കോളേജുകൾ വരെ നടത്തുവാനും, സമൂഹ വിവാഹം നടത്തുവാനും, പാർപ്പിടം വച്ചു നൽകുവാനും ഒക്കെ നടക്കുമ്പോൾ നമുക്ക് ലജ്ജിച്ച് തലതാഴ്ത്തുവാനേ നിവൃത്തിയുള്ളൂ.

മേയ് മാസത്തെ കർഷകന്റെ വരുവാൻ പോകുന്ന മഴയ്ക്കായുള്ള കാത്തിരിപ്പു പോലെ, പ്രതീക്ഷയുടെ ചിറകുകൾ മിനുക്കി നമുക്കും കാത്തിരിക്കാം. യഥാർത്ഥമായ അറിവിന്റെ വർഷം ഈ സമൂഹത്തിന്റെ മേൽ വർഷി ക്കുവാൻ ഇടയാകട്ടെ, ഇവർക്ക് പരമാർത്ഥം തിരിച്ചറിയുവാനാകട്ടെ. മേയ് മാസ സൂര്യനെപ്പോലെ, അറിവിന്റെ സൂര്യൻ ഇവിടെ ഉദിക്കട്ടെ. അതിലൂടെ നന്മയുടെ പുലരിപ്പൊൻ വെട്ടം എങ്ങും പരക്കട്ടെ. സർവ്വശക്തനാൽ മാത്രം സാധ്യമാകുന്ന ഈ ജ്ഞാന യജ്ഞത്തിൽ ഹവിസ്സായി ഈ ജന്മം സഫലമാകട്ടെ.

## താളുകൾ മറിക്കുമ്പോൾ


യഥാർത്ഥ അഹിംസ വാക്കുകളിലൂടെ ........ ദാദി ജാനകി

നമ്മുടെ വിശ്വാസങ്ങളും, ഭാവനകളും........ബി.കെ.സുരേന്ദ്രൻ, ബംഗലൂർ

ആത്മദർശനം........ബി.കെ.അനിൽ

പുകഞ്ഞു തീരുന്ന ജീവിതങ്ങൾ........ഡോ. വത്സലൻ നായർ, മൗണ്ട് ആബു

ജീവിതം 16 കലാ സമ്പന്നം........ഈശ്വരീയ പാഠ്യക്രമം

ഒരു ചെറിയ കാര്യം........ബി.കെ. രവീന്ദ്രൻ പുത്തൂർ, തിരുവനന്തപുരം

സ്നേഹസാഗരം........ ........ബി.കെ. ശോഭാദേവി, തിരുവനന്തപുരം

ഈശ്വരീയ സേവനം കേരളത്തിൽ........ബി.കെ. രഘുനാഥൻ മാമ്പള്ളി, ചാത്തന്നൂർ

## പ്രജാപിതാ ബ്രഹ്മാകുമാരീസ് ഈശ്വരീയ വിശ്വ വിദ്യാലയം






എല്ലാ ജാതിയിലും മതത്തിലും വർഗ്ഗത്തിലും പെട്ട ഞങ്ങൾ 137 രാജ്യങ്ങളിലായി വ്യാപിച്ചിരിക്കുന്ന പ്രജാപിതാ ബ്രഹ്മാകുമാരീസ് ഈശ്വരീയ വിശ്വ വിദ്യാലയത്തിന്റെ 8500 രാജയോഗ കേന്ദ്രങ്ങളിൽ നിത്യേന ക്ലാസ്സുകളിൽ പങ്കെടുക്കുന്നു. 55 രാജയോഗ കേന്ദ്രങ്ങളിലൂടെയും അയുടെ അനേകം ശാഖോ പശാഖകളിലൂടെയും മലയാളത്തിന്റെ മണ്ണിലും ബ്രഹ്മാകുമാരീസ് അതിന്റെ ജൈത്രയാത്ര തുടരുകയാണ്.

എല്ലാ വിശ്വാസ സംഹിതകളെയും ബഹു മാനിക്കുന്ന, യുക്തിയുക്തമായി ആത്മാവിന്റെയും ഈശ്വരന്റെയും, സമയത്തിന്റെയും, കർമ്മത്തിന്റെയും സ്വഭാവ രീതികൾ വിശദീകരിക്കുന്ന, ജ്ഞാനദീപ്ത മായ ഒരു ജീവിതരീതി വർണ്ണിക്കുന്ന ആദ്ധ്യാത്മിക പഠനമാണ് ഞങ്ങൾ ഇവിടെ നടത്തുന്നത്.

മനസ്സിനെ ശാന്തമാക്കുന്ന, നമ്മുടെ ആന്തരീകവും ബാഹ്യവുമായ ലോകവുമായി ആരോഗ്യകരമായ ഐക്യം വളർത്തുന്ന, ഒരു ധ്യാന മാർഗ്ഗം ഞങ്ങൾ അഭ്യസിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നു. അനേകം സാമൂഹ്യ പ്രവർത്തനങ്ങളിലൂടെയും സഹയോഗങ്ങളിലൂടെയും ആദ്ധ്യാത്മിക ധാരണയും സമഗ്രമായ നേതൃത്വവും ഞങ്ങൾ പ്രോത്സാഹിപ്പിക്കുകയും കൂടുതൽ മെച്ചപ്പെട്ട ഒരു ലോകത്തിനായി ഉത്കൃഷ്ടമായ കർമ്മങ്ങൾ ചെയ്യുകയും ചെയ്യുന്നു.

**എല്ലാം നന്നായി കാണുവാനാവുന്ന വിധം കാഴ്ചപ്പാടുകൾ പ്രബലമാക്കൂ.**

പ്രസന്നതയുടെ ശീതള ഛായയുടെ അനുഭവം ചെയ്യുമ്പോൾ ഉള്ളു ശുദ്ധവും വിശാലവുമാകും.



**ബഹു. ഡോ. ദാദി ജാനകി**
മുഖ്യ പ്രശാസിക, ബ്രഹ്മാകുമാരീസ്

## യഥാർത്ഥ അഹിംസ- വാക്കുകളിലൂടെ പോലും അന്യരെ വേദനിപ്പിക്കാതിരിക്കുക

ശാരീരികമായി മററുള്ളവരെ വേദനിപ്പിക്കാതിരിക്കുവാൻ നാം പരമാവധി ശ്രമിക്കാറുണ്ട്. പക്ഷേ ചിലപ്പോൾ അവിചാരിതമായി നമ്മുടെ വാക്കുകളാൽ നാം മററുള്ളവർക്ക് മുറിവ് ഏല്പിക്കാറുണ്ട്. ഇന്ന് എന്റെ വാക്കുകളുടെ അനന്തര ഫലത്തെക്കുറിച്ചും അവ മററുള്ളവരെ എപ്രകാരം വേദനിപ്പിച്ചേക്കാം എന്നും ഞാൻ ചിന്തിക്കും, അവ ആത്യന്തികമായി എന്നെത്തന്നെയാണ് കൂടുതൽ മോശമായി ബാധിക്കുന്നതെന്ന് ഞാൻ തിരിച്ചറിയുന്നു.

## അസാധ്യവും സാധ്യവും തമ്മിലുള്ള വ്യത്യാസം വ്യക്തിയുടെ ദൃഢനിശ്ചയത്തെ ആശ്രയിച്ചിരിക്കുന്നു

വിജയിക്കുവാൻ ഞാൻ ദൃഢനിശ്ചയം എടുത്തുകഴിഞ്ഞാൽ, എന്റെ മുന്നിലെ തടസ്സങ്ങളെല്ലാം തരണം ചെയ്ത് എന്റെ ലക്ഷ്യത്തിൽ എത്തുന്നതു വരെ ഞാൻ മുന്നോട്ടു പോയിക്കൊണ്ടിരിക്കും. എനിക്ക് എന്നിൽ വിശ്വാസമുള്ളിടത്തോളം സഹായങ്ങൾ എന്നെത്തേടിയെത്തുന്നതായും ജീവിതം പുതിയ അനുഭവങ്ങളാൽ സമ്പന്നമാകുന്നതായും എനിക്ക് കാണുവാനാകും.

## നൽകുന്നവരാണ് സ്നേഹിക്കുന്നവർ

യഥാർത്ഥ സ്നേഹം പ്രതീക്ഷകളിൽ നിന്നും മുക്തമാണ്. എന്റെ ജീവിതത്തിൽ ഞാനുമായി ബന്ധപ്പെടുന്നവരോടുള്ള എന്റെ സ്നേഹം വെളിവാക്കുന്ന, എന്റെ ചുററുമുള്ളവരിലേയ്ക്ക് എന്റെ ഉള്ളിൽ നിന്നും സ്നേഹം പ്രവഹിക്കുന്നതായി അനുഭവം ചെയ്യുന്ന ഒരു കർമ്മമെങ്കിലും ഞാൻ ഇന്ന് ചെയ്യും.

**മലയാളത്തിലെ ആദ്യ ആദ്ധ്യാത്മിക ഇ-മാഗസിനായ ഹവിസ്സ് തനതായ കലാസൃഷ്ടികൾ ക്ഷണിക്കുന്നു**

ഒരു പേജിൽ കൂടാത്ത ലേഖനങ്ങൾ, കവിതകൾ, കഥകൾ... എന്നിവ മലയാളത്തിൽ ടൈപ്പ് ചെയ്ത് havissmonthly@gmail.com എന്ന വിലാസത്തിൽ അയക്കുക.



# നമ്മുടെ വിശ്വാസങ്ങളും, ഭാവനകളും, നിലപാടുകളും.

ബി.കെ.സുരേന്ദ്രൻ, ബംഗലൂർ

നമ്മുടെ പരിചയം യഥാർത്ഥ രീതിയിൽ ഇല്ലാത്തതു കൊണ്ട് പല തരത്തിലുള്ള തെറ്റുകൾ നമ്മൾ ചെയ്യാറുണ്ട്. തെറ്റുകൾ കൂടെ കൂടെ ചെയ്യുന്നതു കൊണ്ട് ദു:ഖവും അശാന്തിയും നമ്മൾ അനുഭവിക്കുന്നു.

നമ്മുടെ വിശ്വാസങ്ങളും, ഭാവനകളും, നിലപാടുകളും കൂട്ടികലർത്തിയ ഒരു കാഴ്ചപ്പാടായിരിക്കും നമ്മൾ എന്നതിന്റെ സംക്ഷിപ്തം. ജീവിതം സൂക്ഷ്മമാണ്. ജീവിതം എന്നാൽ സ്ഥൂല രൂപത്തിൽ പ്രത്യക്ഷപ്പെടുമ്പോൾ സ്ഥൂലരൂപത്തിന്റെ കാഴ്ചപ്പാടിനാണ് നാം വിലകല്പിക്കുന്നത്. നമ്മുടെ സുഖം, ദു:ഖം, ശാന്തി, അശാന്തി, ഭാവങ്ങൾ, ഭാവനകൾ എല്ലാം സൂക്ഷ്മങ്ങളാണ്. ഈ സൂക്ഷ്മ സമ്പത്തുകൾ ഉണ്ടെങ്കിലെ സ്ഥൂല സമ്പത്തിന് നമ്മുക്ക് ശരിയായ വില കല്പിക്കാൻ സാധിക്കുകയുള്ളു. ഇതു രണ്ടും ഒരു തരത്തിൽ അന്യോന്യം ആശ്രിയിച്ചാണിരിക്കുന്നത്. നമ്മുടെ തോന്നലുകളെ ആശ്രയിച്ചായിരിക്കും നമ്മുടെ നിലപാടുകൾ ഉണ്ടാകുക. തോന്നലുകൾ ഉണ്ടാകുന്നത് നമ്മുടെ വിശ്വാസങ്ങളെ ആശ്രയിച്ചായിരിക്കും. നമ്മുടെ വിശ്വാസങ്ങൾ യഥാർത്ഥമോ അയഥാർത്ഥമോ ആണെന്നുള്ളത് തിരിച്ചറിയേണ്ടതുണ്ട്. ഈശ്വരീയമായ ജ്ഞാനബിന്ദുക്കളെല്ലാം തന്നെ ശ്രീമത്ത് ആണ്. അപ്പോൾ അറിവ് എന്ന് പറയുന്നത് ഈശ്വരൻ വെളിപ്പെടുത്തുന്ന അറിവാണ്. നമ്മുടെ വിശ്വാസങ്ങളെ ഈശ്വരീയ അറിവിന്റെ വെളിച്ചത്തിൽ രൂപാന്തരപ്പെടുത്തുമ്പോൾ നമ്മുടെ കാഴ്ചപ്പാടുകൾ മാറുന്നു, നമ്മുടെ നിലപാടുകൾ മാറുന്നു. അതിപ്രധാനപ്പെട്ട കാര്യമാണ് ഓർമ്മയുടേത്. ഈശ്വരൻ എല്ലായ്പ്പോഴും "എന്നെ ഓർമ്മിക്കുക" എന്ന് പറയുന്നുണ്ട്. എന്തു കൊണ്ടെന്നാൽ ഈശ്വരനെ യഥാർത്ഥമായി മനസ്സിലാക്കി ഓർമ്മിക്കുന്നതിൽ അളവററ പ്രാപ്തിയുണ്ട്. ഒന്നാമത്തെ പ്രാപ്തി സന്തോഷവും ശാന്തിയുമാണ്. ഈ ലോകത്തുള്ള മനുഷ്യൻ ഉൾപ്പെടെ ആരെ ഓർമ്മിച്ചാലും ഇത്തരത്തിലുള്ള പ്രാപ്തി ഉണ്ടാകുകയില്ല. ഓർമ്മ ഭാവനയുടെ പ്രത്യക്ഷഫലമാണ്. ഓർമ്മയും ഓർമ്മയില്ലായ്മയും ഈശ്വരസ്മൃതിയിൽ ശ്രേഷ്ഠ ഓർമ്മയുടെ ബലം ഉണ്ടാകുന്നു. ഈ ബലം ശാന്തിയുടെ അളവ് വർദ്ധിപ്പിക്കുന്നു. സമ്പൂർണ്ണമായ തൃപ്തിയിലേക്ക് നാം നയിക്കപ്പെടുന്നു. ഇതിന്റെ പരിണാമമായിട്ട് ആത്മാവാകുന്ന ഞാൻ ഈശ്വരനിലേക്ക് കൂടുതൽ അടുക്കുകയും, പദാർത്ഥങ്ങളുടെ വിവിധതരത്തിലുള്ള രൂപങ്ങളിൽ നിന്നും, നിറങ്ങളിൽ നിന്നും, ഗുണങ്ങളിൽ നിന്നും, രുചിസത്വത്തിൽ നിന്നും അകലുവാൻ തുടങ്ങുകയും ചെയ്യുന്നു, അതിനോടൊപ്പം വ്യക്തികളോടുള്ള അടുപ്പം കുറയുന്നു. സ്ഥൂലസൂക്ഷ്മ ആധാരങ്ങളുടെ അടിസ്ഥാനങ്ങളും അപ്രത്യക്ഷമാകുവാൻ തുടങ്ങുന്നു. നമ്മുടെ നിലപാടുകൾ മാറാൻ തുടങ്ങുന്നു. നമ്മൾ പാരമ്പര്യമായിട്ട് വിശ്വസിച്ചു വന്ന അല്പകാല സുഖങ്ങളുടെ കാഴ്ചപ്പാടുകൾ അപ്രത്യക്ഷമാകുവാൻ തുടങ്ങും.

ജീവിതത്തിന്റെ നിലവാരം സൂക്ഷ്മമാണ്, സ്ഥൂലമല്ല എന്നുള്ള യഥാർത്ഥ അനുഭവം വർദ്ധിക്കുകയും, സ്ഥൂലമായ നേട്ടങ്ങളുടെ ആധാരത്തിലുള്ള പ്രതികരണങ്ങൾ കുറയാൻ തുടങ്ങുകയും ചെയ്യും. ഇതാണ് ജീവിതത്തിന്റെ യഥാർത്ഥ ഭാവങ്ങളും ഭാവനകളും, നിലപാടുകളും ഇങ്ങനെയുള്ള ഭാവ, ഭാവനകളുടെ, നിലപാടുകളുടെ, വിശ്വാസങ്ങളുടെ പ്രാധാന്യം ഈ പുരുഷോത്തമ സംഗമയുഗത്തിൽ മാത്രമാണ് വരാൻ പോകുന്ന കാലഘട്ടങ്ങളിൽ ഇങ്ങനെയുള്ള മാനസികാവസ്ഥയാണ് ജീവിതത്തിന്റെ അടിസ്ഥാന തത്വമാകുന്നതെന്ന് നാം വിസ്മരിക്കരുത്.



# ആത്മ ദർശനം

ബി.കെ. അനിൽ, തിരുവനന്തപുരം

ഞാൻ ആരാണ് എന്ന ചോദ്യം ചോദിക്കുന്ന മനന ശീലമുള്ള മനുഷ്യൻ, പ്രകൃതിയിലെ പരമാണുക്കളുടെ സംഗയോഗത്താൽ ഉണ്ടായതല്ല. അചേതനമായ വസ്തുക്കളിൽ നിന്നും സചേതനമായ ഒന്നുണ്ടാകുന്നില്ല. ശൂന്യതയിൽ നിന്നും അസ്ഥിത്വം എന്നതും സാധ്യമല്ല. പരമാണുക്കളുടെ സംയോഗത്താൽ ഉണ്ടായിരിക്കുന്നത് എന്റെ ശരീരമാണ്. ഞാൻ എന്നത് ശരീരത്തിൽ നിന്നും വ്യത്യസ്തമായ ഒരു സചേതന ശക്തിയാണ്.

ഈ ശരീരം ഒരു ഗൃഹവും ഞാൻ ഇതിൽ നിവസിക്കുന്ന ഒരു യാത്രക്കാരനുമാണ്. ശരീരം എന്റെ ക്ഷേത്രവും ഞാൻ അതിൽ വസിക്കുന്ന മൂർത്തിയുമാണ്. ശരീരമാകുന്ന പ്രകൃതി എന്റെ വസ്ത്രവും, ഞാൻ അതിനെ ധാരണം ചെയ്യുന്ന പുരുഷനുമാണ്. ശരീരം എന്റെ രഥവും ഞാൻ അതിനെഉപയോഗിക്കുന്നസാരഥിയുമാണ്.ചൈതന്യമായ ആത്മാവും പഞ്ചമഹാഭൂതങ്ങളാൾ നിർമ്മിതമായ ശരീരവും സംയോജിച്ചിരിക്കുന്നതാണ് മനുഷ്യൻ. ശരീരം ജനിക്കുന്നു, വളരുന്നു, മരിക്കുന്നു, എന്നാൽ ഞാൻ എന്നത് അമരനായ ആത്മാവാണ്. ആത്മാവ് ഈ ചർമ്മ-ചക്ഷുവിനാൽ ഗോചരമല്ലാത്തതുംദിവ്യവും,സചേതനവുംസൂക്ഷ്മവുമായ ഒരു പ്രകാശമാണ്. ചിന്തിക്കുക, മനസ്സിലാക്കുക, നിർണ്ണയിക്കുക, തുടങ്ങിയവയെല്ലാം ആത്മാവെന്ന ഈ ചൈതന്യത്തിന്റെ വിഭിന്ന ക്ഷമതകളാണ്.

## മനസ്സും ബുദ്ധിയും ആത്മാവും

മനസ്സ്, ബുദ്ധി എന്നത് ആത്മാവിൽ നിന്നും വ്യത്യസ്തമാണോ അതോ ആത്മാവിന്റെ തന്നെ ഘടകങ്ങളാണോ? ജ്ഞാനത്തെ ആത്മാവിന്റെ മൂന്നാമത്തെ നേത്രമെന്നും, ദിവ്യചക്ഷു എന്നും, ജ്ഞാനചക്ഷുവെന്നും പറയുന്നു. ജ്ഞാനത്തിലൂടെ ആത്മാവിന് സത്യത്തെ ദർശിക്കുവാൻ കഴിയും എന്നാണ് ഈ പ്രയോഗം കൊണ്ട് അർത്ഥമാക്കുന്നത്. മനസ്സിനെ ആത്മാവിന്റെ ഒരു സൂക്ഷ്മ ഇന്ദ്രിയം എന്ന് പറയാം. ശരീരത്തിലെ ഇന്ദ്രിയങ്ങൾപ്രത്യക്ഷീകരണത്തിന്റെകവാടങ്ങളാണ്. അതുപോലെ മനസ്സും ബുദ്ധിയും ആത്മാവിന്റെ ഉപാധികളാണ്, ആത്മാവിന്റെ തന്നെ സങ്കല്പശക്തിയും നിർണ്ണയശക്തിയുമാണ്. മനസ്സ് എന്നത് സങ്കല്പിക്കുന്നതിന്റെയും, ഇച്ഛിക്കുന്നതിന്റെയും, അനുഭവിക്കുന്നതിന്റെയും ശക്തിയെ സൂചിപ്പിക്കുന്നു. ബുദ്ധി അറിയുന്നതിന്റെയും അംഗീകരിക്കുന്നതിന്റെയും, തിരിച്ചറിയുന്നതിന്റെയും ഓർമ്മവയ്ക്കുന്നതിന്റെയും നിർണ്ണയിക്കുന്നതിന്റെയും, ശക്തിയെ സൂചിപ്പിക്കുന്നു.

ആത്മാവ് പ്രകൃതിയുമായുള്ള സമ്പർക്കത്തിൽ വരുമ്പോൾ സ്വബോധം, അതായത് സ്വന്തം അസ്ഥിത്വത്തെക്കുറിച്ചുള്ള ബോധം ഉത്പന്നമാകുന്നു. അപ്പോൾ തനിക്ക് ചുറ്റുമുള്ളവയെക്കുറിച്ച് അറിയുവാനും മനസ്സിലാക്കുവാനും തുടങ്ങുന്നു. പിന്നെ പലകാര്യങ്ങൾ ഇച്ഛിക്കുവാനും അവ നേടിയെടുക്കുന്നതിനായി പ്രയത്നിക്കുവാനും തുടങ്ങുന്നു.

ആത്മാവുതന്നെയാണ് ആത്മാവിനെ ജയിക്കേണ്ടതെന്നും, ആത്മാവുതന്നെയാണ് ആത്മാവിനെ നിയന്ത്രിക്കേണ്ടതെന്നും ഗീതയിൽ പറയുന്നു. ഇതിന്റെ ഗഹനത എന്താണ്? നമ്മുടെ സങ്കല്പങ്ങൾക്ക് അധീനമാണ് ഇന്ദ്രിയങ്ങൾ. എന്നാൽ സങ്കല്പങ്ങളെ നിയന്ത്രിക്കുവാനും, നന്മ-തിന്മകളെ തിരിച്ചറിയുവാനും സാധിക്കുന്നത് വിവേകത്തിലൂടെയാണ്. അതായത് ബുദ്ധികൊണ്ടാണ്. മനസ്സുംബുദ്ധിയുംപ്രവർത്തിക്കുന്നതനുസരിച്ചാണ് വാക്കും കർമ്മവും ഉണ്ടാകുന്നത്. നാം ചെയ്യുന്ന നല്ലതോ മോശമോ ആയ കർമ്മങ്ങളുടെ മുദ്ര നമ്മുടെ ഉപബോധമനസ്സിൽ പതിയുന്നു. ഈ മുദ്രകൾ അതിനനുസൃതമായ സംസ്കാരങ്ങളായി രൂപാന്തരപ്പെടുന്നു. പിന്നെ ഓരോ സാഹചര്യങ്ങൾ വരുമ്പോൾ ഇവ നല്ലതോ മോശമോ ആയ വാസനകളായും ശീലങ്ങളായും പ്രകടമാകുന്നു. ആത്മാവാണ് സ്ഥൂലമോ സൂക്ഷ്മമോ ആയ ഇന്ദ്രിയങ്ങളിലൂടെ സുഖ-ദുഃഖങ്ങൾ അനുഭവിക്കുന്നതും സുഖ-ശാന്തികൾ ഇച്ഛിക്കുന്നതും. ആത്മാവിനെ ജയിക്കുകയും നിയന്ത്രിക്കുകയും ചെയ്യുക എന്നതിനാൽ അർത്ഥമാക്കുന്നത് മനസ്സിനെ ബുദ്ധികൊണ്ട് ജയിക്കണമെന്നും നിയന്ത്രിക്കണമെന്നുമാണ്. ജ്ഞാനം അതായത് ദിവ്യവിവേകം പ്രാപ്തമാകുന്ന അത്മാവിന് ദുഷിച്ച സങ്കല്പങ്ങളെ നിയന്ത്രിക്കുവാനും കീഴടക്കുവാനുംസാധിക്കും. മനസ്സിൽ ശ്രേഷ്ഠ സങ്കല്പങ്ങൾ രചിക്കുവാനും, ശ്രേഷ്ഠ കർമ്മങ്ങൾ അനുഷ്ഠിക്കുവാൻ സാധിക്കും. അതിലൂടെ സുഖ-ശാന്തി നിർഭരമായ ഒരു ജീവിതം നയിക്കുവാൻ സാധിക്കുന്നു.

### ഇന്ദ്രിയാസക്തി മാനവനെ അസുരനാക്കുന്നു

മനുഷ്യനിൽ ഇന്ദ്രിയ സുഖങ്ങൾ അനുഭവിക്കുന്നതിനുള്ള ആഗ്രഹം ശക്തിപ്പെടുമ്പോൾ ധനവും സ്വത്തുകളും അധികാരവുമൊക്കെ ആർജ്ജിക്കുവാനുള്ള പ്രബലമായ ഇച്ഛയുണ്ടാകുന്നു. ഇവ പൂർത്തീകരിക്കുന്നതിൽ എന്തെങ്കിലും തടസ്സങ്ങൾ നേരിടുമ്പോൾ ക്രോധം ജനിക്കുന്നു. മനസ്സും വാക്കും കർമ്മവും ദുഷിച്ചതാകുന്നു. തടസ്സമുണ്ടാക്കുന്നവയോട് ഘൃണാഭാവം ജനിക്കുന്നു. ഇന്ദ്രിയസുഖങ്ങൾ നേടുന്നതിനും ധനം ആർജ്ജിക്കുന്നതിനുമുള്ള ഇച്ഛ സ്വാർത്ഥതയുടെയും ആസക്തിയുടെയും രൂപമെടുക്കുന്നു. വിശാലമനസ്കത, ഉദാരത, സ്വാഭാവികവും സാർവ്വലൗകികവുമായ സ്നേഹം എന്നിവയ്ക്ക് പകരം ദ്വേഷവും, സ്പർദ്ധയും, പക്ഷാപാതവുമെല്ലാം മനസ്സിൽ സ്ഥാനം പിടിക്കുന്നു. തത്ഫലമായി എന്റേത്, നിന്റേത് തുടങ്ങിയ ഭാവനകൾ ജാഗ്രതമാകുന്നു. എന്റെ ജാതി, എന്റെ ദേശം, ഇവയെല്ലാം നിന്റെ ജാതിയേക്കാൾ, നിന്റെ ദേശത്തെക്കാൾ ശ്രേഷ്ഠമാണെന്ന ഭാവന വരുന്നു. പിന്നെ, ലോഭം, ആസക്തി, മോഹം, ക്രോധം തുടങ്ങിയ പല പ്രകാരത്തിലുള്ള ആസുരീയ ഭാവങ്ങൾ ഉടലെടുക്കുകയും അത് പല പ്രകാരത്തിലുള്ള വ്യക്തിപരവും സാമുദായികവും, സാംസ്കാരികവുമായ സംഘർഷങ്ങൾക്ക് കാരണമായിത്തീരുകയും ചെയ്യുന്നു.

മനുഷ്യൻ ഇന്ദ്രിയസുഖങ്ങളിൽ നിന്നും പൂർണ്ണമായും വിമുഖമാകണം എന്നല്ല ഇതിനർത്ഥം. ആത്മാവിന് അതിന്റെ വിഭിന്ന ക്ഷമതകളുടെ പ്രത്യക്ഷീകരണത്തിന് ശരീരം ആവശ്യമാണ്. ശരീരത്തെ ക്രിയാശീലമായ അവസ്ഥയിൽ വയ്ക്കുന്നതിന് ഇന്ദ്രിയങ്ങൾക്ക് ആഹാരം ആവശ്യമാണ്. ആ ആഹാരം രുചികരവുമായിരിക്കണം. ആഹാരം, വസ്ത്രം, പാർപ്പിടം, മറ്റ് വസ്തുക്കൾ, തുടങ്ങിയവയെല്ലാം നമ്മുടെ അസ്ഥിത്വത്തിന് വളരെ ആവശ്യമാണ്. മരിക്കുമ്പോൾ മാത്രമാണ് കഴിക്കാനും കുടിക്കാനും ഉപയോഗിക്കാനുമുള്ള വസ്തുക്കളിൽ നിന്നും ആത്മാവ് പിന്തിരിയുന്നത്. അതിനാൽ മനുഷ്യർ ഇവയെല്ലാം പരിത്യജിക്കുകയോ സന്യസിക്കുകയോ ശരീരത്തിന് എന്തെങ്കിലും കഷ്ടതകൾ കൊടുക്കുകയോ ചെയ്യണമെന്നല്ല ഇന്ദ്രിയലോലുപത ഉപേക്ഷിക്കണം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. സ്വയം ദേഹമാണെന്ന് മനസ്സിലാക്കുകയാണെങ്കിൽ, ഇന്ദ്രിയ സുഖത്തിന്റെ തൃഷ്ണ മനുഷ്യ ശരീരത്തിന്റെ സന്തുലനാവസ്ഥയെ ഇല്ലാതാക്കുന്ന തരത്തിൽ മനസ്സിനെയും ബുദ്ധിയെയും ഗ്രസിക്കും. ആത്മനിയന്ത്രണം നഷ്ടപ്പെടുത്തും. പിന്നെ, ഇന്ദ്രിയ സുഖം നേടുന്നതാകും ജീവിതത്തിന്റെ പരമ ലക്ഷ്യം. ആത്മനിയന്ത്രണമില്ലാത്ത സുഖം യഥാർത്ഥ അർത്ഥത്തിൽ സുഖമല്ലെന്നും രോഗവും ഇന്ദ്രിയങ്ങളിൽ അടിമത്തവും, പീഢയും നൽകുന്നതാണ് എന്ന തിരിച്ചറിവാണ് വേണ്ടത്.

### ആത്മബോധം മാനവനെ ദേവതുല്യനാക്കുന്നു

ആത്മാവിന്റെ മൂല സ്വഭാവം സ്നേഹമാണ്, ശാന്തിയാണ്, ആനന്ദമാണ്. ആത്മാവിന്റെ ഈ നിജ സ്വരൂപം അനുഭവിക്കുവാനും അതിൽ സ്ഥിതി ചെയ്തുകൊണ്ട് കർമ്മങ്ങൾ ചെയ്യുവാനും പ്രാപ്തമാക്കുന്ന ഒന്നാണ് സഹജ രാജയോഗം. ജ്ഞാനയോഗത്തിന്റെയും, ഭക്തിയോഗത്തിന്റെയും, കർമ്മയോഗത്തിന്റെയും സന്യാസയോഗത്തിന്റെയുമെല്ലാം ഉത്തമമായ സമന്വയമാണ് സഹജ രാജയോഗം. കാരണം, ഇതിൽ ജ്ഞാനത്തിന്റെയും, സ്നേഹത്തിന്റെയും, കർമ്മത്തിന്റെയും, ത്യാഗത്തിന്റെയും തത്ത്വങ്ങൾ അടങ്ങിയിരിക്കുന്നു. എല്ലവരോടും നിസ്വാർത്ഥ സ്നേഹവും വിശ്വ-സാഹോദര്യത്തിന്റെ ഭാവനയും ഉണർത്തുന്നതും പരമാനന്ദം പ്രദാനം ചെയ്യുന്നതുമായ യോഗമാണിത്. ഈ യോഗം അഭ്യസിക്കുന്നതിനുവേണ്ടി, ആദ്യമായി നാമോരോരുത്തരും ശരീരത്തിൽ നിന്നു വിഭിന്നമായ ഒരു അനാദിയും അവിനാശിയുമായ ചൈതന്യ ശക്തിയായ ആത്മാവാണെന്ന് അറിയണം. എന്റെ ചിന്തകളുടെയും നിർണ്ണയത്തിന്റെയും യജമാനനും ഉത്തരവാദിയും ഞാൻ തന്നെയാണ് എന്നറിയണം. സങ്കല്പങ്ങളെ ശുദ്ധവും ബുദ്ധിയെ ദിവ്യവുമാക്കണം. ആത്മസ്മൃതി അഭ്യസിക്കണം. ഇതിലൂടെ ഉള്ളിൽ അന്തലീനമായിരിക്കുന്നതും മനുഷ്യനെ ദേവതുല്യനാക്കുന്നതുമായ ദിവ്യഗുണങ്ങളും ശക്തികളും ഉണരും. മനസ്സിന്റെയും ബുദ്ധിയുടെയും ശുദ്ധിയെ തന്നെയാണ് ആത്മശുദ്ധി എന്ന് പറയുന്നത്. ഇതിനെ ശുദ്ധമാക്കിയവരാണ് മഹാത്മാക്കളും പുണ്യാത്മാക്കളും. ഇതിനെ അശുദ്ധമാക്കുന്നവരാണ് പാപാത്മാക്കളും ദുരാത്മാക്കളും. പാപത്തിനും പുണ്യത്തിനും ബന്ധം നമ്മുടെ ഇച്ഛകളും പ്രവൃത്തികളുമായിട്ടാണ്. അതിനാൽ ആത്മശുദ്ധിയാണ് സുഖത്തിന്റെയും ശാന്തിയുടെ ജനനി.

*അല്പകാലത്തെ പദവിയ്ക്കും അഭിമാനത്തിനും പിന്നാലെ ജീവിതം പാഴാക്കുന്നതിനു പകരം സ്വാഭിമാനത്തിലിരിക്കുന്നതു തന്നെയാണ് ശ്രേഷ്ഠ അന്തസ്സ്.*



# പുകഞ്ഞു തീരുന്ന ജീവിതങ്ങൾ

ഡോ. വത്സലൻ നായർ, മൗണ്ട് ആബു

ലോകാരോഗ്യ സംഘടന എല്ലാ വർഷവും മേയ് 31 പുകയില വിരുദ്ധ ദിനമായി ആഘോഷിക്കുന്നു. പുകയില വരുത്തിത്തീർക്കുന്ന ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ച് ജനങ്ങളെ ബോധവത്കരിക്കുകയാണ് ഇതിന്റെ മുഖ്യമായ ഉദ്ദേശം. പുകയിലയുടെ ഉപയോഗം പാശ്ചാത്യ നാടുകളിൽ കുറഞ്ഞു വരുന്നതായാണ് പഠനങ്ങൾ തെളിയിക്കുന്നത്. എന്നാൽ ഭാരതം ഉൾപ്പെടെയുള്ള വികസ്വര രാജ്യങ്ങളിൽ പുകയിലയുടെ ഉപയോഗത്തിൽ ഇപ്പോഴും ഗണ്യമായ കുറവു വന്നിട്ടില്ല. ലോകത്തിൽ മൊത്തം ഉപയോഗിക്കപ്പെടുന്ന പുകയിലയുടെ 14% ഭാരതത്തിലാണ് ഉപയോഗിക്കപ്പെടുന്നത്. അതിനാൽ ലോകാരോഗ്യ സംഘടന, ഭാരതത്തിന്റെ കാര്യത്തിൽ, പുകയില വിരുദ്ധ ബോധവത്കരണത്തിന് പ്രത്യേക താത്പര്യം പ്രകടിപ്പിക്കാറുണ്ട്.


പുകയില വരുത്തി വയ്ക്കുന്ന വിനാശത്തിന്റെ വ്യാപ്തി എത്രത്തോളമുണ്ടെന്ന് നമുക്കൊന്ന് നോക്കാം. മദ്യപാനം, മയക്കമരുന്ന്, എയ്ഡ്സ്, അപകട മരണങ്ങൾ, അത്യാഹിതങ്ങൾ, കൊലപാതകങ്ങൾ ആത്മഹത്യകൾ ഇവയെല്ലാം മൂലം മരണമടയുന്ന വരെക്കാളും കൂടുതൽ പേർ പുകയില ജനിത രോഗങ്ങളാൽ മരണപ്പെടുന്നു. തടയപ്പെടാവുന്നതാണ് ഈ മരണങ്ങൾ എന്നു മനസ്സിലാക്കുമ്പോഴാണ് ഇതിന്റെ പ്രാധാന്യം നമുക്ക് ബോധ്യമാകൂ. ഇന്ന് ലോകത്തിൽ നടക്കുന്ന മരണങ്ങളിൽ 10 ൽ 1 പുകയില കാരണമാണ്. ലോകത്ത് 60 ലക്ഷം പേരാണ് 1 വർഷം പുകയില ജനിത രോഗങ്ങളാൽ മരണപ്പെടുന്നത്, ഭാരതത്തിൽ മാത്രം 10 ലക്ഷം പേരും. ഓരോ 8 സെക്കന്റിലും ഒരാൾ. ഇന്ന് പുകയില ഉപയോഗിക്കുന്നവരിൽ പകുതിയോളം പേരുടെ മരണം പുകയില ജനിത രോഗങ്ങളാൽ ആയിരിക്കും. യുവാക്കളെയാണ് പുകയിലക്കമ്പനികൾ ലക്ഷ്യമാക്കുന്നത്. പുകവലിക്കുന്നവരിൽ 88% പേർ 18 വയസ്സിനു മുമ്പുതന്നെ പുകവലയത്തിനുള്ളിൽ കുടുങ്ങി എന്നറിയുമ്പോൾ അവരുടെ ലക്ഷ്യം എത്രത്തോളം സഫലമാകുന്നുണ്ടെന്ന് നമുക്ക് അറിയുവാനാകും.

പുകയില ഉപയോഗം ഇപ്പോൾ സ്ത്രീകളിലേയ്ക്കും പകർന്നു തുടങ്ങിയിരിക്കുന്നു. പഞ്ചാബിലും ബീഹാറിലും ആന്ധ്ര പ്രദേശിലും നടത്തിയ പഠനങ്ങളിൽ സ്കൂളിൽ പഠിക്കുന്ന പെൺകുട്ടികളിൽ 30% ഏതെങ്കിലും വിധത്തിലുള്ള പുകയില ഉപയോഗിക്കുന്നതായി കണ്ടെത്തുവാനായിട്ടുണ്ട്. 2030 ഓടെ അവികസിത, വികസ്വര രാജ്യങ്ങളിൽ നടക്കുന്ന മരണങ്ങളിൽ 80% പുകയില ജനിത രോഗങ്ങളാൽ ആയിരിക്കുമെന്ന് ലോകാരോഗ്യ സംഘടന നമുക്ക് മുന്നറിയിപ്പ് നൽകുന്നു. സുരക്ഷിതമായ ഒരു ബാല്യ–കൗമാര കാലം നമ്മുടെ വരുന്ന തലമുറയ്ക്കു കൈമാറുവാൻ നമുക്ക് ബാധ്യതയുണ്ട്. മാതാ–പിതാക്കളും അദ്ധ്യാപകരും സാമൂഹ്യ സംഘടനകളും ഉണർന്നു പ്രവർത്തിച്ചെങ്കിൽ മാത്രമേ ഇത് സാധ്യമാകൂ.

അകാലത്തിൽ പൊലിഞ്ഞു പോകുന്ന ജന്മങ്ങളിൽ ഒന്നാകരുത് നമ്മുടെ ജന്മം എന്ന് ആത്മാർത്ഥമായി ആഗ്രഹിക്കുകയും, അതിനായി തന്റെ സങ്കല്പവും സമയവും സർവ്വസ്വവും ചെലവഴിക്കുവാൻ തയ്യാറാവുന്ന ഒരു കൂട്ടം നല്ല മനുഷ്യരുടെ കൂട്ടായ്മ നമുക്ക് ബ്രഹ്മാകുമാരീസിൽ കാണുവാൻ കഴിയും. ബ്രഹ്മാകുമാരീസിന്റെ സഹോദര പ്രസ്ഥാനമായ രാജയോഗ പഠന, ഗവേഷണ ഫൗണ്ടേഷന്റെ മെഡിക്കൽ വിംഗ് ഭാരതത്തെ പുകയില മുക്തമാക്കുവാനായി വേറിട്ട പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. അവർ നടത്തിയ പഠനങ്ങൾ തെളിയിക്കുന്നത് രാജയോഗി ജീവിതശൈലി പിന്തുടരുന്ന 98.98% പേരും ലഹരിമുക്തരാണെന്നാണ്. ലോകം ഇന്നു വരെ പിന്തുടരുന്ന ഒരു ലഹരിമുക്ത പരിപാടിയും ഇത്രയും വിജയകരമായ ഫലം നൽകിയിട്ടില്ല. കഴിഞ്ഞ 7 ൽ പരം പതിററാണ്ടുകളായി ബ്രഹ്മാകുമാരീസ് പഠിപ്പിക്കുന്ന ജീവിതരീതിയാണ് രാജയോഗി ജീവിതശൈലി. ലോകമാകമാനം 7 ലക്ഷത്തിൽ അധികം പേർ ഈ ജീവിതരീതി വിജയകരമായി പിന്തുടരുന്നുണ്ട്. ജാതി–മത, വർണ–വർഗ്ഗ, സ്ത്രീ–പുരുഷ ഭേദമന്യേ ആർക്കും പിന്തുടരാവുന്നതാണ് ഈ സഹജമായ ജീവിതരീതി. ഒരു ദശാബ്ദത്തിൽ അധികായി ഈ ലേഖകനും ഗൃഹസ്ഥനായിരുന്നു കൊണ്ടുതന്നെ, ഈ ജീവിതരീതി പിന്തുടരുന്നു.

ഈ വരുന്ന ലോക പുകയില വിരുദ്ധ ദിനത്തിൽ ബ്രഹ്മാകുമാരീസ ഭാരതത്തിലെ എല്ലാ ജില്ലാ/താലൂക്ക് ആസ്ഥാനങ്ങളിലും ബോധവത്കരണ റാലികൾ സംഘടിപ്പിക്കുകയും അതിനു ശേഷം കൂടുന്ന പൊതു സമ്മേളനത്തിൽ ജനങ്ങളെക്കൊണ്ട് പുകയില വിരുദ്ധ പ്രതിജ്ഞ എടുപ്പിക്കുകയും ചെയ്യും. മേയ് 29 മുതൽ ജൂൺ 2 വരെ നഗരങ്ങളിലും ഗ്രാമങ്ങളിലും പുകയില വിരുദ്ധ പോസ്ററുകളുടെ പ്രദർശനവും

ശേഷം 8–ാം പേജിൽ



# ജീവിതം 16 കലാ സമ്പന്നം

## സംഘാടന-നേതൃത്വ-ഭരണ കല

ഉന്നത കാര്യം, വിശേഷ കാര്യം ചെയ്യുന്നതിലാണ് മനുഷ്യ ജീവിതത്തിന്റെ സഫലത ഉള്ളത്. മററുള്ളവരെക്കൂടി സഹയോഗിയാക്കിയാലേ, അവരെക്കൂടി സംഘടിപ്പിച്ചാലെ ഇതു സാധ്യമാകൂ. എന്നാൽ ബഹുഭൂരിപക്ഷം മനുഷ്യർക്കും തന്റെ ജീവിതത്തിൽ മഹത്തായ കാര്യങ്ങൾ ചെയ്യുവാനാവുന്നില്ല, അവർ പലപ്പോഴും അങ്ങനെ ആഗ്രഹിക്കാറും ചിന്തിക്കാറുമുണ്ടെങ്കിൽ കൂടി. ഈ കല കൈവരിക്കുവാൻ ഉതകുന്ന 6 കാര്യങ്ങൾ ഇതാ:

1. മററുള്ളവരുടെ മുന്നിൽ ഒരു സുന്ദരമായ പദ്ധതി വച്ച് അവരെ സഹയോഗികളും പങ്കാളികളുമാക്കുവാനുള്ള കഴിവ്.
2. മറ്റുള്ളവരിൽ ഉന്മേഷം നിറയ്ക്കുവാനുള്ള കഴിവ്, സ്വയം ഉന്മേഷ–ഉത്സാഹത്തിൽ കഴിയുവാനുള്ള കഴിവും ഉൾക്കാഴ്ചയും
3. ഉടൻ തീരുമാനമെടുക്കുവാനുള്ള കഴിവ്, അതോടൊപ്പം ദൂരക്കാഴ്ചയും.
4. എല്ലാവരെയും കോർത്തിണക്കുവാനുള്ള കഴിവ്
5. തയ്യാറെടുപ്പുകൾ നടത്തുവാനും നിയന്ത്രിക്കുവാനുമുള്ള കഴിവ്
6. എല്ലാവരെയും ഉൾക്കൊള്ളുവാനും അവരെ യോഗ്യതാനുസരണം, യഥാശക്തി കാര്യത്തിൽ ഉപയോഗിക്കുവാനുമുള്ള കഴിവ്.

തുടരും......

7–ാം പേജിൽ നിന്നും തുടർച്ച.....

സംഘടിപ്പിക്കുന്നു. ഇതു കൂടാതെ വിദ്യാലയങ്ങളോട നുബന്ധിച്ച് 6 മാസത്തെ ബോധവത്കരണ യജ്ഞവും നടത്തുവാൻ പദ്ധതിയുണ്ട്. നന്മയുടെ ഈ വിളക്ക് അണയാതെ കത്തുവാൻ നമുക്ക് ഓരോർത്തർക്കും ബാധ്യതയുണ്ട്. ഇപ്പോൾ നമ്മൾ ഇത് ചെയ്തില്ലെങ്കിൽ ഇനി ഒരിക്കൽ ഇത് ചെയ്യുവാൻ ഒരു തലമുറ ഉണ്ടായെന്ന് വരില്ല. പുകയിലയില്ലാത്ത, ആരോഗ്യമുള്ള ഒരു തലമുറയെ സ്വപ്നം കണ്ട് നമുക്ക് ഒന്നിച്ച് കൈകോർക്കാം, വിജയം നമ്മുടെ ജന്മസിദ്ധ അധികാരമാണ്.






# അമ്പും വില്ലും

**ബി.കെ. രവീന്ദ്രൻ പുത്തൂർ, തിരുവനന്തപുരം**

പൗരാണിക ഭാരത സംസ്കാരത്തിന്റെ പ്രതീകമായ ഭാരതീയ പുരാണേതിഹാസങ്ങളിൽ വിദ്യ അഭ്യസിക്കുന്നതിനായി ഗുരുകുല സമ്പ്രദായത്തെയാണ് ആശ്രയിച്ചിരുന്നത്. അസ്ത്ര-ശസ്ത്ര വിദ്യാദികൾ നല്ല രീതിയിൽ പഠിക്കുന്നതിന്, ഗുരുസമക്ഷം താമസിക്കുന്നതിനാണ് അന്നത്തെ വിദ്യാഭ്യാസ സമ്പ്രദായത്തിൽ പ്രാധാന്യം നൽകിയിരുന്നത്. എന്നാൽ അസ്ത്ര-ശസ്ത്രത്തിന്റെ പ്രസക്തിയെന്താണെന്നത് മനസ്സിലാക്കേണ്ടകാര്യമാണ്? മഹർഷിമാർ അസ്ത്രശസ്ത്ര വിദ്യയാണോ പ്രാപഞ്ചികപ്പൊരുളാണോ പഠിപ്പിക്കുന്നത്! എന്താണിതിന്റെ ആന്തരികയുക്തി? ഇതും ചിന്തിക്കേണ്ടതാണ്. ഗുരുകുല സമ്പ്രദായത്തിൽ ഗുരു മഹർഷിയാണ്. ഗൃഹസ്ഥാശ്രമത്തിൽ ജീവിച്ചുകൊണ്ടും സത്യാന്വേഷണം നടത്തുന്നവരാണ് മഹർഷി, മുനി എന്നീ പേരുകളാൽ അറിയപ്പെടുന്നത്.

വിദ്യ പഠിക്കുകയെന്നത് പ്രപഞ്ച യാഥാർത്ഥ്യം മനസ്സിലാക്കി ജീവിക്കുക എന്നതാണ്. അസ്ത്ര-ശസ്ത്രവുമായി ഇതിന് എന്തു ബന്ധമാണുള്ളത്? വില്ലാളിവീരൻ എന്ന് ദേവന്മാരേയും, മഹാരഥികളെയും വിളിക്കാറുണ്ട്. വില്ലെടുത്ത് നിഷ്പ്രയാസം കുലച്ച് മറ്റുള്ളവരെ കൊന്നൊടുക്കുന്നവനാണോ വില്ലാളിവീരൻ? അസ്ത്ര-ശസ്ത്രം കൊണ്ട് മറ്റുള്ളവരുടെമേൽ പരാക്രമം കാണിക്കുന്നവരാണോ അവർ? വിദ്യയുടെ പരമമായ അർത്ഥമാണ് സത്യത്തെ തിരിച്ചറിയുകയെന്നത്. ഏതൊന്നിനെയാണോ ഇനി അറിയേണ്ടാത്തവിധം അറിയുന്നത് അതിനെയാണ് സത്യമെന്ന പദംകൊണ്ട് ഉദ്ദേശിക്കുന്നത്. ഇവിടെ അത് ആത്മാവും, ശരീരവുമാണ്. ആത്മാവെന്ന സത്യത്തെ തിരിച്ചറിയാൻ ശരീരം അനിവാര്യമാണ്. അതിനാൽ അമ്പും, വില്ലും ആത്മാവിന്റെയും, ശരീരത്തിന്റെയും പ്രതീകമാണ്.

തന്റെ ശരീരത്തെ അനായാസമായി തന്റെ കർത്തവ്യത്തിലേയ്ക്ക് ഉപയോഗിക്കുന്നവനെയാണ് വില്ലാളിവീരൻ എന്നു വിളിക്കുന്നത്. അമ്പിനെ ലക്ഷ്യത്തിലേക്കെത്തിക്കാൻ സഹായിക്കുന്നതാണ് വില്ല്. ആത്മാവിനെ സത്കർമ്മം ചെയ്യിച്ച് ലക്ഷ്യത്തിലേക്ക് എത്തിക്കുക ശരീരത്തിന്റെ ധർമ്മമാണ്. അങ്ങനെ ശരീരം കൊണ്ട് സത്കർമ്മം ചെയ്ത് ലക്ഷ്യത്തിലെത്തുന്നവനാണ് വില്ലാളി വീരൻ. സത്കർമ്മം കൊണ്ട് പുണ്യം നേടുന്നവൻ ദേവനാണ്. ശരീരം കൊണ്ട് മഹത്തായ കാര്യം ചെയ്യുന്നവൻ മഹാരഥി. ഇങ്ങനെ ശരീരമാകുന്ന വില്ലിനെക്കൊണ്ട്, ആത്മാവാകുന്ന അസ്ത്രം ഉദ്ദിഷ്ട ലക്ഷ്യം പൂകുന്നതിനെയാണ് അസ്ത്രശസ്ത്ര ധാരിയെന്ന പ്രയോഗംകൊണ്ട് ലക്ഷ്യമാക്കുന്നത്.



# സ്നേഹസാഗരം

ബി.കെ. ശോഭാദേവി, തിരുവനന്തപുരം

ഞാൻ കയറിവന്നത് അമ്മ കാണുന്നുണ്ടായിരുന്നില്ല. എന്തു ജോലി ചെയ്യുമ്പോഴും കൃഷ്ണഭഗവാനിൽ ലയിച്ചിരിക്കുന്ന അമ്മ മറ്റൊന്നും കാണുകില്ല. അമ്മേ... ഞാൻ നീട്ടി വിളിച്ചു. പെട്ടെന്നു ണർന്നപോലെ അമ്മ ചോദിച്ചു. അമ്മേടെ മോളൂട്ടി വന്നോ.... എത്ര നാളായി എന്റെ കുട്ടീ നീ ഇവിടെ വന്നിട്ട്... അമ്മ മെല്ലെ എന്റെ കൈയ്യിൽ പിടിച്ചു. അമ്മയുടെ പരിഭവം... പറച്ചിലിനു പോലും എന്തു ശാന്തത, കുളിർമ്മ, മനസ്സിനും ശരീരത്തിനും ഒരു കുളിർതെന്നൽ തലോടിയതിന്റെ സുഖം. യാത്രാ ക്ഷീണം, വെയിലിന്റെ കാഠിന്യം എല്ലാം പമ്പ കടന്നു. വാ മോളേ വല്ലതും കഴിക്കാം. നീ നന്നേ ക്ഷീണിച്ചിരിക്കുന്നു. അമ്മ പെട്ടെന്ന് ഊണ് വിളമ്പി. എന്നെ അടുത്തിരുത്തി. കറികളൊക്കെ നിരത്തി. വീട്ടുവളപ്പിൽ നട്ടുപിടിപ്പിച്ച വിഭവങ്ങൾ കൊണ്ടുള്ള കറികളാവും മിക്കപ്പോഴും. മാങ്ങാ, നാരങ്ങ,നെല്ലിക്ക, പുളിഞ്ചിക്കാ മുതലായവയുടെ അച്ചാറുകൾ വിവിധ തരത്തിൽ. കപ്പയ്ക്കാ, ചേമ്പ്, ചേന, കായ്, വഴുതിന മുതലായവ ഇട്ടുള്ള കറികൾ. മുരിങ്ങയ്ക്കാ, മുരിങ്ങയില, ചീര ഇവ കൊണ്ടുള്ള തോരൻ. എന്തിനു പറയുന്നു കുറഞ്ഞത് നാലഞ്ചിനം കറികളില്ലാതെ അമ്മ ഊണുവിളമ്പില്ല. പശുക്കളുള്ള തിനാൽ തൈരിനും മോരിനും പാലിനുമൊന്നും പഞ്ഞവുമില്ല. എപ്പോൾ ആരു ചെന്നാലും എല്ലാം റെഡിയാണ്. അമ്മയുടെ കൈയ്യിൽ നിന്നും എന്തെങ്കിലും ഭക്ഷണം കഴിക്കാതെ അവിടെ ചെല്ലുന്നവരാരും പോയിട്ടില്ല. തൈരും അച്ചാറും കൂട്ടി അവസാനത്തെ ഉരുളയും അമ്മ അടുത്തിരുത്തി ഊട്ടിച്ചു. അമ്മയുടെ സ്നേഹത്തിന്റെ രുചി, കൈപ്പുണ്യത്തിന്റെ രുചി ഒന്നു രുചിച്ചവരാരും ഒരിക്കലും മറക്കില്ല. ഇടയ്ക്കിടെ അമ്മയെ ഇവിടെ വന്നു കണ്ടില്ലെങ്കിൽ ഒരു തരം വീർപ്പുമുട്ടലാണ്. നഷ്ടബോധമാണ്. അമ്മയെ കാണണമെന്നു തോന്നിയാൽ പിന്നെ താമസമില്ല ഉടനേ യാത്രയാകും ഞാനെവിടെയാണെങ്കിലും.

എന്റെ ചിന്തകൾ പെട്ടെന്നു പിന്നോക്കം പോയി. വർഷങ്ങൾക്കു മുൻപ് ഞാനവിടെ എത്തി. അകന്ന ബന്ധുവായ അമ്മാവൻ എന്നെ കൂട്ടിക്കൊണ്ടു വന്നു അവിടെ നിർത്തി പഠിപ്പിക്കാൻ.

ദേവൂ... ദാ ആരാ വന്നിരിക്കണേന്നു നോക്കൂ, സാക്ഷാൽ ദേവിയെപ്പോലെ തോന്നുന്ന ഒരു സ്ത്രീ മുറിക്കകത്തു നിന്നു വന്ന് അത്ഭുതത്തോടെ എന്നെ നോക്കുന്നു...

ദേവൂട്ടീ ... ഇത് നമ്മുടെ മോളാ... എന്നെ അമ്മയുടെ കൈയ്യിലേല്പിച്ചു. അമ്മ എന്നെ അണച്ചുപിടിച്ച് മോളൂട്ടീ.... എന്നു നീട്ടി വിളിച്ചു. അന്നു മുതൽ എന്റെ എല്ലാമെല്ലാം അമ്മയായി. അവരുടെ മോൻ ഉണ്ണി അന്നു വളരെ കുഞ്ഞായിരുന്നു. എന്നേയും അമ്മ ഊട്ടി ഉറക്കി വളർത്തി, ഉണ്ണിയോടൊപ്പം രണ്ടെന്ന ഭാവമില്ലാതെ. ഒരിക്കൽപ്പോലും അതിനൊരു വ്യത്യസ്തത കണ്ടിരുന്നില്ല. അമ്മയുടെ സ്വഭാവം അതെനിക്കു തികച്ചും അതിശയ മായിരുന്നു. എല്ലാവരോടും സ്നേഹം, ബഹുമാനം, പരിഗണന, ശ്രദ്ധ ഒരു വാക്കുപോലും ആരെയും വേദനിപ്പിക്കില്ല. ഞാനങ്ങനെ അമ്മയുടെ മകളായി, മഹാറാണിയെപ്പോലെ സ്നേഹത്തിൽ മുങ്ങിക്കുളിച്ചു ജീവിച്ചു. ഞാൻ നന്നായി പഠിക്കുമായിരുന്നു. എനിക്കു ജോലി കിട്ടി... മറ്റൊരിടത്തായി... അമ്മയെക്കാണാൻ ഞാൻ ഇടയ്ക്കിടെ വരും... മോൻ വളർന്നു മിടുക്കനായി... അമ്മയാണ് അവന്റെ ദൈവം .. അമ്മാവൻ നല്ലവനാണ്. എങ്കിലും ചില കൈപ്പിഴകൾ വന്നിട്ടുണ്ടായിരുന്നു. അതാർക്കും മനസ്സിലാകുമായിരുന്നില്ല അമ്മ അത്രയ്ക്കു അമ്മാവന്റെ രക്ഷകയായി വർത്തിക്കുമായിരുന്നു. എന്തും ഉൾക്കൊള്ളുന്ന സ്വഭാവ വൈശിഷ്ട്യം ഉണ്ടായിരുന്നു. വളർന്നുവരുന്തോറും ചിലതൊക്കെ എനിക്കുമറിയാമായിരുന്നു. അമ്മയുടെ നിലപാടു കാണുമ്പോൾ എനിക്കു എന്നെത്തന്നെ സംശയം. അമ്മയോട് ചേദിച്ചാൽ അമ്മ ചിരിക്കും. എന്റെ മോളൂട്ടി നീ പഠിക്ക്. അമ്മാവന് ജയിക്കാനൊന്നുമില്ല. നിനക്കതല്ലല്ലോ? ഈ പരീക്ഷയിൽ ജയിക്കണ്ടേ.. എനിയ്ക്കത്ഭുതം തോന്നും... ഭാര്യമാർ വെട്ടുകത്തി എടുക്കേണ്ട കാര്യത്തിനായാലും അമ്മ ഒന്നു ശ്രദ്ധിക്കപോലും ചെയ്യില്ല. അമ്മയുടെ സന്തത സഹചാരിയായി അമ്മയുടെ കൈയ്യാളായി അമ്മയെ വീട്ടു ജോലികളിൽ സഹായിക്കാൻ ഒരു പാവം സ്ത്രീ നിന്നിരുന്നു. ഒരു ബൊമ്മയെപ്പോലിരിക്കും കണ്ടാൽ. അമ്മാവന് അവരോട് അടുപ്പം കൂടുത ലാണ് എന്നു ചിലപ്പോൾ തോന്നും. ഒന്നും കണ്ടമട്ടുപോലും അമ്മയ്ക്കില്ല........എന്തൊരമ്മ......... എനിക്കു തെറ്റുപറ്റിയതാവും ... ഞാൻ കരുതും.

ഊണു കഴിഞ്ഞ് ചാരുകസേരയിൽ കിടക്കുന്ന അമ്മാവന്റെ അരികത്തായി നിലത്തിരുന്ന് വെറ്റില ചുരുട്ടി അമ്മാവന് കൊടുക്കുന്ന അമ്മയുടെ മുഖത്ത് എന്ത് സ്നേഹം.... എന്തു വിധേയത്വം... അമ്മാവന് ആ വെറ്റില മുറുക്കാൻ നിർബന്ധവുമാണ്. അപ്പോഴാണ് ലോകകാര്യങ്ങളും വീട്ടു കാര്യങ്ങളു മൊക്കെ അമ്മയുമായി പറയുന്നതും അമ്മയ്ക്കു

പറയാനുള്ളത് കേൾക്കുന്നതും, അമ്മ കേൾവിക്കാരിയാണ്. അമ്മാവന്റെ ചിരിയും സംസാരവുമേ കേൾക്കൂ. അമ്മ അച്ഛൻ പറയുന്നത് വേദവാക്യങ്ങൾ കേൽക്കുന്നതു പോലെ കേൾക്കും, സ്നേഹത്തോടെ വിധേയത്വത്തോടെ, ബഹുമാനത്തോടെ, സന്തോഷത്തോടെ, അമ്മാവന് അമ്മ എല്ലാമാണ്. കൈവെള്ളയിൽ വച്ചുകൊണ്ടല്ലേ നടക്കുന്നത് എന്നാണ് എല്ലാരും പറയുന്നതും. അമ്മ മനുഷ്യസ്ത്രീയല്ല ദേവിയാണ്, പലപ്പോഴും എനിക്കു തോന്നിയിട്ടുള്ളതാണിത്. സത്യമായിട്ടുള്ള ഒരു കാര്യം എനിക്കറിയാം. വീട്ടിൽ നിൽക്കുന്ന ആ സ്ത്രീ അമ്മയുടെ കാലിൽ കെട്ടിപ്പിടിച്ച് കരയുന്നതാണ് ഒരു ദിവസം കോളേജിൽ നിന്ന് വന്ന് മുറിയിലേക്കു പോകുന്ന ഞാൻ കണ്ടത്. എന്നെ അവർ കണ്ടില്ല. എനിയ്ക്കിനി കൊച്ചമ്മയെ വഞ്ചിക്കാൻ വയ്യ... പട്ടിണികിടന്നു ചത്താൽ ചാകട്ടെ... എനിയ്ക്കാരുമില്ലല്ലോ... ഞാൻ പോകും കൊച്ചമ്മേ ഇവിടെ നിന്ന്. എന്നെ അടിക്ക്, വഴക്കുപറയ് എന്നൊക്കെ ഏങ്ങലടിയ്ക്കിടയിൽ അവർ പറയുന്നുണ്ട്. കുട്ടീ നീ വിഷമിക്കാതിരിക്ക്. അദ്ദേഹം എനിക്ക് ദൈവമാണ് ഒരിക്കലും അദ്ദേഹമിത് അറിയരുത്. നിന്നെ ഞാൻ നോക്കിക്കൊള്ളാം. ഒരത്യാഹിതവും നീ ചെയ്യരുത്. ഒരു ജീവനല്ല രണ്ടു ജീവൻ പൊലിഞ്ഞു പോകും. ധൈര്യമായിരിക്ക് എന്നൊക്കെ അമ്മ പറയുന്നു... എന്താവും കാര്യം ഞാൻ ചിന്തിച്ചു. അവർക്കെന്തെങ്കിലും പററിയാൽ അമ്മാവനും മരിക്കുമോ... ഒരെത്തും പിടിയും കിട്ടുന്നില്ല.. അവര് പോയി. അവരുടെ അഭാവം എന്തുകൊണ്ടോ എനിക്ക് ആശ്വാസം നല്കി. കുറച്ചു ദിവസം കഴിഞ്ഞപ്പോൾ അറിഞ്ഞു അവരുടെ കല്യാണം കഴിഞ്ഞു. അമ്മയുടെ നിർബന്ധ പ്രകാരം അമ്മാവൻ ഒരു ചായക്കടക്കാരനെക്കൊണ്ട് അവരെ കെട്ടിച്ചു. അവനും പാവമായിരുന്നു. കടയല്ലാതെ മറെറാന്നും ഇല്ലാത്തവനും. നല്ല സാരികളും ആഭരണവും ഒരു കൊച്ചു വീടും പറമ്പുമൊക്കെ അമ്മ അവർക്കു വാങ്ങിക്കൊടുപ്പിച്ചു. അമ്മാവൻ ദേഷ്യപ്പെടുന്നതു കേൾക്കാം, അവർക്കുള്ള ശമ്പളം കൊടുത്തിട്ടുണ്ട്. നിന്റെ ആരുമല്ലല്ലോ ദേവൂ.. ഇങ്ങനൊക്കെ വാരിക്കോരികൊടുക്കാൻ. നമുക്കൊരു മോനുള്ളതാ മറക്കണ്ട ... എന്നൊക്കെ.

വർഷങ്ങൾ ഓരോന്നായി കടന്നുപോയി. ഒരു ദിവസം അമ്മയെ കാണാൻ ഞാൻ വീട്ടിലെത്തി. രണ്ടു മൂന്നു വയസ്സു തോന്നിക്കുന്ന മാലാഖയെപ്പോലിരിക്കുന്ന ഒരു കൊച്ചുകുട്ടി അവിടെ ഓടി നടക്കുന്നു. ഞാനാ കുട്ടിയെ നോക്കി നിന്നുപോയി. അപ്പോൾ ഒരു സ്ത്രീ വന്ന് ആ കുട്ടിയെ എടുത്തു. മോളെ എഴുത്തിനിരുത്താൻ വന്നതാണ് അമ്മയെക്കൊണ്ട് എന്നു പറഞ്ഞു. അമ്മാവനവിടില്ല. അമ്മാവൻ വരട്ടെ എന്നു അമ്മ പറയുന്നതൊന്നും അവർ ശ്രദ്ധിക്കുന്നില്ല. അമ്മ തന്നെ, എന്റെ ദേവി തന്നെ, എന്റെ കുഞ്ഞിനെ കൈപിടിച്ചെഴുതിക്കണം, കണ്ണുനീരൊഴുക്കിക്കൊണ്ട് അവർ പറയുന്നു. പെട്ടെന്നു പൂജാമുറിയിൽ അതിനുവേണ്ടതൊരുക്കി അമ്മ അലമാര തുറന്നു ഒരു നല്ല പട്ടുടുപ്പ് കൊണ്ടു വന്ന് അവളെ ധരിപ്പിച്ചു. നിന്റെ ജന്മനാളടുത്തപ്പോൾ ഞാൻ തൈയ്പ്പിച്ചു വച്ചതാണ്. ഏതായാലും നന്നായി എന്നാത്മഗതം. അമ്മയുടെ വക. ഞാനും വിചാരിച്ചു അപ്പോ എല്ലാ വർഷവും അവർ കുഞ്ഞുമായി ഇവിടെ വരുമായിരിക്കും. അമ്മ മോളെ ഉടുപ്പൊക്കെ അണിയിച്ച് മാററി നിർത്തി സൗന്ദര്യമാസ്വദിച്ചു. പെട്ടെന്നു കഴുത്തിൽ കിടന്ന മാല ഊരി കുഞ്ഞിനെ അണിയിച്ചു. മടിയിലിരുത്തി കുഞ്ഞിക്കൈ പിടിച്ച് എന്റെ കൃഷ്ണാ, മോളെ നീ കാക്കണേ... എന്നു പറഞ്ഞ് ഹരിശ്രീ കുറിപ്പിച്ചു. ഇതെല്ലാം നോക്കി ഒരു ബൊമ്മ പോലെ ആദ്യാവസാനം അവർ കണ്ണീരൊഴുക്കിക്കൊണ്ടിരുന്നു.

അമ്മ അവരെ മധുരമായി വഴക്കു പറയുന്നു. നീ നിന്നു കരയാതെ സന്തോഷിക്ക്, അവൾ കൃഷ്ണന്റെ അനുഗ്രഹത്താൽ പഠിച്ച് പഠിച്ച് മിടുക്കിയാവും.

പൊട്ടിക്കരഞ്ഞുകൊണ്ട് അവർ അമ്മയുടെ കാലിൽ തൊട്ട് അനുഗ്രഹം വാങ്ങി കൊച്ചമ്മ എന്നേ എനിക്കു തന്നു എന്നു പറയുന്നുണ്ടായിരുന്നു. ഞാൻ അമ്പരന്നുപോയി ഇതെന്ത് എഴുത്തിനിരുത്ത് ഇവരെന്തിന് അമ്മ ഇത്രയും സ്നേഹം കാണിക്കുമ്പോഴും കരഞ്ഞു കൊണ്ടിരിക്കുന്നത്? അവരുടെ ഭർത്താവ് എത്തി. വളരെ ആദരവോടെ അമ്പലത്തിലെ ദേവിയെ തൊഴുന്നതു പോലെ അമ്മയെ തൊഴുത് മാറിനിന്നു. കുഞ്ഞിനെ നന്നായി പഠിപ്പിക്കണം, വളർത്തണം ഒന്നിനും ഒരു മുടക്കവും വരുത്തരുത്. അവളുടെ പണം എന്റെ കൈയ്യിലുണ്ട്. അറിയിച്ചാൽ മാത്രം മതി. എന്ന ഒരു താക്കീതും അപേക്ഷയായിട്ടേ തോന്നൂ അതുകേട്ടാൽ. രൂപയുടെ സാമാന്യം വലിയ ഒരു പൊതി അവരെ ഏല്പിച്ചു. തൊടിയിലുള്ളതൊക്കെ ചാക്കിലാക്കി. എല്ലാമായി അവർ യാത്രയായി. ഞാൻ അമ്മയെ കണ്ണിമയ്ക്കാതെ നോക്കി നിന്നു പോയി. എന്തു ശാന്തത... എന്തു സ്നേഹം..... തൃപ്തി....... എന്താണാ മുഖത്ത് മിന്നി മറയുന്നത്. ഇവർ ആരാണീശ്വരാ ഞാനറിയാതെ ഭഗവാനെ വിളിച്ചു പോയി.

ഓ.... എന്റെ മോളൂട്ടിയെ ഞാൻ കണ്ടു. അമ്മേ..... ഇത്തിരി നേരം അവരുടെ കാര്യത്തിലായിപ്പോയി. പിന്നെ മോളിന്നു അമ്മയുടെ അടുത്തുണ്ടല്ലോ. വാ നമുക്കു കാപ്പി കഴിക്കാം. എനിക്കൊരു നാടകം കണ്ടു തീർന്ന പ്രതീതി. അമ്മയുടെ വിളിയിൽ, തലോടലിൽ ഞാൻ എല്ലാം മറന്നു. അമ്മയ്ക്കു എന്നെ ഊട്ടുന്നതിലായി ശ്രദ്ധ. എന്റെ കൃഷ്ണാ....... ഈ കുട്ടിയ്ക്കെന്തു പററി. ഒന്നും തിന്നുന്നില്ലല്ലോ എന്ന പരാതി പാത്രം കാലിയായിട്ടും. നല്ല സുന്ദരിക്കുട്ടി അല്ലേ അമ്മേ...... അമ്മ പെട്ടെന്ന് ചിന്തിച്ചിരുന്നു.

അവളെ ഒരുക്കി നിർത്തിയാൽ സാക്ഷാൽ ശ്രീ കൃഷ്ണനെപ്പോലിരിക്കും അവളെ പഠിപ്പിക്കണം. രാജകുമാരിയായി വളർത്തണം. എല്ലാം ആത്മഗതം. ഞാൻ എല്ലാം കേൾക്കുന്നുണ്ടായിരുന്നു. കുട്ടി വളർന്നു. അവൾ ഡോക്ടറായി. അതു പറയാൻ അവർ അമ്മയുമായെത്തി. അവളെ ഇന്നത്തെ അവളാക്കിയ സാക്ഷാൽ ദേവിയായ അമ്മയുടെ പാദത്തിൽ കെട്ടിപ്പിടിച്ചാണ് അവൾ അനുഗ്രഹം വാങ്ങിയത്. അവളെ പിടിച്ചെഴുന്നേല്പിച്ച് കെട്ടിപ്പിടിച്ച് അവളുടെ ശിരസ്സിൽ തലോടിക്കൊണ്ട് അമ്മ പറഞ്ഞു.... ഇനി എനിക്കു പേടിക്കേണ്ട എന്നെ ചികിത്സിക്കാനും നോക്കാനുമൊക്കെ എന്റെ മോളുണ്ടല്ലോ. കൈയ്യിൽ വളയില്ലാതിരുന്നത് ശ്രദ്ധിച്ചിട്ട് അമ്മ തന്റെ കൈയ്യിലെ വള ഊരി മോൾക്കിട്ടു. ഡോക്ടർക്കു വാച്ചു മതി, എങ്കിലും എന്റെ ഒരു തൃപ്തിയ്ക്കായി ഇതു കിടക്കട്ടേ. മോക്ക് അദ്ദേഹത്തിന്റെ അനുഗ്രഹം മേടിക്കണ്ടേ എന്നു പറഞ്ഞ് അവളുമായി അമ്മാവന്റെ അടുത്തെത്തി. കുട്ടിക്ക് അത്ര ധൈര്യമില്ലാത്തതു പോലെ അമ്മയുടെ മറപററി നിന്നു. ദേ.... ഇതാരാന്നു നോക്കൂ. അമ്മ അമ്മാവനെ വിളിച്ചു. അദ്ദേഹം തന്റെ കണ്ണാടിക്കിടയിലൂടെ അവളെ ഒന്നു നോക്കി. സ്വർണ്ണ വിഗ്രഹം പോലുള്ള ഒരു സുന്ദരിയായ പെൺകുട്ടി. ആരാണോ എന്ന മട്ടിൽ അദ്ദേഹമിരുന്നു. അമ്മ അവളെ പരിചയപ്പെടുത്തി. നമ്മുടെ മറെറാരു മോൾ. അച്ഛൻ മോളെ അനുഗ്രഹിക്കുന്നതുപോലെ അനുഗ്രഹിച്ച് വണ്ടിക്കൂലി കൊടുക്കൂ എന്നു പറഞ്ഞ് ഒരു കെട്ട് നോട്ടാണ് അമ്മാവന്റെ കൈയ്യിലേക്കു അമ്മ വച്ചു കൊടുത്തത്. അദ്ദേഹം ഒന്നമ്പരന്നു. മറുത്തൊന്നും പറയില്ല, അമ്മ എന്തു പറഞ്ഞാലും. അത്രയ്ക്കു സ്നേഹത്തിന്റെ പരിവേഷം ആ അമ്മയ്ക്കുണ്ടായിരുന്നു അദ്ദേഹത്തിന് ആ പെൺകുട്ടിയുടെ അമ്മയെ കുറച്ചു വയ്യഷമായി അറിയാമായിരുന്നു എന്നല്ലാതെ അവളുമായിട്ടുള്ള ബന്ധമറിയില്ലല്ലോ. അദ്ദേഹം ആ പൊതി കുട്ടിയുടെ കൈയ്യിൽ വച്ചു കൊടുത്തു. അമ്മാവന്റെ രീതിയും അജ്ഞതയുമൊക്കെ കണ്ടിട്ടാവാം അമ്മയുടെ കണ്ണു നിറഞ്ഞൊഴുകി.

കാറിന്റെ ശബ്ദം...... അമ്മേ എന്റമ്മേ എന്ന ആർത്തലച്ച ശബ്ദം. ..... ഞാൻ ഞെട്ടിയുണർന്ന് ഞാനെവിടെയാണ്? അമ്മ കിടക്കുന്നിടത്തല്ലേ...... മോളൂട്ടീന്ന് വിളി കേൾക്കുന്നുണ്ടോ..... എന്നെ ശുശ്രൂഷിക്കുന്നതാരാണ്? കണ്ണു മെല്ലെ തുറന്നു. എന്റെ മുന്നിൽ ആ കുട്ടി. ..... സ്വർണ്ണ പ്രതിമ പോലുള്ള ഡോക്ടർ ആ കുട്ടി എനിക്കു വെള്ളം വായിലൊഴിച്ചു തരുന്നു. ഞാനെവിടെയാണ്. പെട്ടെന്ന് ഓർമ്മ വന്നു. ഞാൻ അമ്മയ്ക്കു അസുഖം കൂടി എന്ന ടെലഗ്രാം കിട്ടിയിട്ടു വന്നതാണ്. അമ്മയെ കണ്ടപ്പോൾ ബോധം മറഞ്ഞതാണ്. മോൻ അമ്മയെ കെട്ടിപ്പിടിച്ച് കരയുന്നു. അമ്മാവൻ അവിടെ ജീവച്ഛവം പോലിരിക്കുന്നു. ഡോക്ടറുകുട്ടി അമ്മയ്ക്കും മോനുമിടയിൽ, മോനെ മററുള്ളവർ മാററാൻ ശ്രമിക്കുമ്പോൾ അമ്മയ്ക്കു ഹേമം തട്ടാതെ അവർ ശ്രദ്ധിക്കുന്നു. യഥാർത്ഥത്തിൽ ആരാണ് അവർ. മോളോ. അവിടിരിക്കുന്ന മററാർക്കുമറിയില്ല. നിർജീവമായിക്കിടക്കുന്ന അമ്മയ്ക്കും ജഢസമാനമായിട്ടിരിക്കുന്ന ഡോക്ടറുടെ അമ്മയ്ക്കും മാത്രം അറിയാവുന്ന ഒരു സത്യം. ഡോക്ടർക്ക് അവളെ അവളാക്കി വളർത്തി വലുതാക്കിയ ഒരു ദേവതയാണ് ആ അമ്മ. അവരുമറിഞ്ഞില്ല ആ സത്യം എനിക്കുമറിയാമെന്ന്. എനിക്കറിയാത്തത് ആ അമ്മയെ. മനുഷ്യജന്മമല്ല. ദേവജന്മമാണ്. സാക്ഷാൽ ദേവി. ഒരു സ്ത്രീക്കും പററാത്തത് എത്ര അനായാസമായി നിർവ്വികാരതയോടെ, സ്നേഹത്തോടെ സത്യതയോടെ, ദയയോടെ, ഉത്തരവാദിത്വത്തോടെ സ്വന്തം മോൾക്ക് ചെയ്യുന്നതു പോലെ. ഒററയ്ക്ക് ചെയ്തു തീർത്തു. സ്വന്തം ഭർത്താവ് ഇതറിഞ്ഞാൽ അദ്ദേഹം കുററബോധത്താൽ മരിച്ചു പോകും. അത്ര സ്നേഹവും വിശ്വാസവുമാണ് അദ്ദേഹത്തിന് അവരോടുള്ളത് എന്നവർക്കറിയാമായിരുന്നു. ക്ഷമയുടെ, സ്നേഹത്തിന്റെ നിർമോഹതയുടെ അവതാരം. ഒന്നും തിരിച്ചു മോഹിക്കാതെ കൃഷ്ണാ എന്റെ കൃഷ്ണാ എന്നുള്ള മന്ത്രം മാത്രം ഉച്ചരിച്ച് ഈശ്വരനെ ഓർമ്മിച്ചു .

വെറും ഒരു വീട്ടമ്മയുടെ എന്റെ കൃഷ്ണാ എന്ന വിളിക്കു എത്ര മന്ത്ര ശക്തി! എല്ലാ ഗുണങ്ങളും ശക്തികളും അവർക്കു ആ വിളിയിലൂടെ കൃഷ്ണനേകി. കൊടുത്തതല്ലാതെ ആരിൽ നിന്നും അവർ ഒന്നു വാങ്ങിയില്ല. ഈശ്വരനെ കൂടെക്കൊണ്ടു നടക്കുന്ന അവർക്കു മറെറന്തു വേണം. വേണ്ടത് അപ്പപ്പോൾ ഭഗവാൻ എത്തിക്കും. സഹന ശക്തിയാൽ ജീവിത വിജയം നേടി. സ്നേഹത്താൽ സഹനത കിട്ടി. ഗുണങ്ങളും, ശക്തികളും സ്നേഹമാകുന്ന മുത്തുകൾ ചരടിൽ ക്ഷമയോടെ കോർക്കേണ്ടത് നാം സ്വയം ചെയ്യേണ്ടതാണ്. ഒരിക്കലും ആ ചരട് പൊട്ടാതെ നോക്കണം.

ആ അമ്മയുടെ ഗുണം പുറംലോകത്ത് ആരുമറിഞ്ഞിട്ടില്ല. എന്നാൽ ഒരു കഥയായി ലോകമറിഞ്ഞില്ലേ. ഏതോ ഒരമ്മയുടെ, ഏതോ ഒരു വളർത്തുമകളിലൂടെ "എന്റെ കൃഷ്ണാ" എന്ന മന്ത്രം അതിന്റെ ശക്തി കാട്ടിയതാവാം. ഇതവസാനിക്കുമ്പോൾ മോളൂട്ടിയായ എന്റെ നാവിൽ നിന്നുതിരുന്നത് "എന്റെ അമ്മേ" എന്ന മന്ത്രമാണ്.



## ഈശ്വരീയ സേവനം
# കേരളത്തിൽ

**ബി.കെ. രഘുനാഥൻ മാമ്പള്ളി, ചാത്തന്നൂർ**



**വസന്തോത്സവം:** ഏപ്രിൽ 26 ന് പ്രജാപിതാ ബ്രഹ്മാകുമാരീസ് ഈശ്വരീയ വിശ്വ വിദ്യാലയത്തിന്റെ ആഭിമുഖ്യത്തിൽ സ്കൂൾ കുട്ടികൾക്ക് വേണ്ടിയുള്ള ക്യാമ്പ് നെടുമ്പാശ്ശേരി രാജയോഗ ഭവനിൽ നടന്നു. ക്യാമ്പിന്റെ ഉദ്ഘാടനം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി.വൈ. വർഗ്ഗീസ് നിർവ്വഹിച്ചു. രാജയോഗിനി ബി.കെ. രാധാ അദ്ധ്യക്ഷത വഹിച്ചു. ബി.കെ. ശ്രീസുധ, ബി.കെ. ശ്രീവിദ്യ, പരമേശ്വരൻപിള്ള എന്നിവർ സന്നിഹിതരായിരുന്നു. മൂന്നു ദിവസം നീണ്ടു നിന്ന ക്യാമ്പിൽ മൂല്യാധിഷ്ഠിത ജീവിതരീതി, വ്യക്തി വികസനം, യോഗ, ധ്യാനം തുടങ്ങിയ വഷയങ്ങളിൽ ക്ലാസ്സുകൾ നടന്നു. 28ന് സമാപന സമ്മേളനം ചെങ്ങമനാട് പഞ്ചായത്ത് പ്രസിഡന്റ് ജയാമുരളീധരൻ ഉദ്ഘാടനം ചെയ്തു.

---



തിരുവല്ല: 12 ജ്യോതിർലിംഗ ദർശന മഹോത്സവത്തിന്റെ ഉത്ഘാടനം നടത്തി ക്കൊണ്ട് കെ. പി. പ്രതാപചന്ദ്ര വർമ, ബ്രഹ്മശ്രീ കധമ്പൻ നമ്പൂതിരിപ്പാട്, കുമ്മനം രാജശേഖരൻ, സ്വാമി ഗോലോകാനന്ദ മഹാരാജ്, ഉപാസന നാരായണൻ, ലാൽ നന്ദാവനം, ഹരികൃഷ്ണൻ, രാജയോഗിനി ബി.കെ. പങ്കജം എന്നിവർ.

---

**Brahma Kumaris® "Peace of Mind" Global Channel - Info-Edutainment NewsChannel. No Advertisement..**

PEACE OF MIND CHANNEL

**"Peace of Mind" Channel**
**FRQ: 4054, POL: H, SYM: 13230, INSAT: 4A**
**Request Cable Operators today**
**"C" Band with Mpeg4 Receiver can see FREE LIVE**
**http://pmtv.in, pmtv@bkmail.org**
**SMS to 56161 bktv (Your MSG), +91 9960588432, 8104777111**